## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1446 — 16.03.2015 ലെ മറുപടിക്ക്

## ആസൂത്രണക്കമ്മീഷന് പകരം സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) ആസൂത്രണ കമ്മീഷന് പകരമുള്ള സംവിധാനത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കാമോ ; | എ) ആസൂത്രണക്കമ്മീഷന് പകരം 01.01.2015 ലെ കേന്ദ്ര സർക്കാരിന്റെ തീരുമാനപ്രകാരം പ്രധാനമന്ത്രി ചെയർമാനായിട്ടുള്ള നീതി ആയോഗ് എന്ന സംവിധാനം (National Institution for Transforming India)നിലവിൽ വന്നിട്ടുണ്ട്. കേന്ദ്രവും സംസ്ഥാനവും തമ്മിലും സഹകരണ ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ദേശീയ വികസനം മുന്നിൽകണ്ടുകൊണ്ട് രൂപീകരിച്ചിട്ടുള്ള നൂതനസംവിധാനമാണ് നീതി ആയോഗ്.<br><br>ആസൂത്രണക്കമ്മീഷന് പകരമുള്ള നീതി ആയോഗിനെക്കുറിച്ചുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കേന്ദ്ര സംസ്ഥാന ധനകാര്യ ബന്ധത്തിന്റെ ഘടനയിൽ അടിസ്ഥാനപരമായി മാറ്റങ്ങൾ ഉണ്ടാകാവുന്നതാണ്.<br>2. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ സ്ഥിതി.<br>3. 2014-15 വാർഷിക പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച്.<br>4. സംസ്ഥാന പദ്ധതി അടങ്കലും, കേന്ദ്രവിഹിതവും പ്ലാനിംഗ് കമ്മീഷന്റെ ആർട്ടിക്കിൾ 282 പ്രകാരം സംസ്ഥാനങ്ങളുമായി |

കൂടിയാലോചന നടത്തി തീരുമാനിക്കുന്നതാകയാൽ പുതിയ സംവിധാന പ്രകാരം കേന്ദ്രധനകാര്യമന്ത്രാലയത്തെ ഏൽപ്പിച്ചാൽ ഫെഡറൽ സംവിധാനത്തെ ദോഷകരമായി ബാധിക്കുന്നതാണ്.

5. സംസ്ഥാനങ്ങളുടെ നിരന്തരമായ ആവശ്യപ്രകാരം നിയോഗിച്ച ചതുർവേദി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച്.
6. സംസ്ഥാനങ്ങൾ തമ്മിൽ അന്തരം ഉള്ളതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടേതായ മുൻഗണനാ പ്രകാരം പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം പുതിയ സംവിധാനത്തിൽ ഉൾപ്പെടുത്തണം.

ബി)പുതിയ സംവിധാനത്തെക്കുറിച്ച് കേന്ദ്രത്തെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ ;

ബി) അറിയിച്ചിട്ടുണ്ട്.

സി) പുതിയ സംവിധാനം സംസ്ഥാന താല്പര്യത്തിന് ദോഷകരമാകുമെന്ന് കരുതുന്നുണ്ടോ ?

സി) കരുതുന്നുണ്ട്. ധനവിനിയോഗം, പദ്ധതികളിൽ കേന്ദ്രത്തിന്റെ വിഹിതം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ വിഷയത്തിൽ അഭിപ്രായം അറിയിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ